File No. FWLD-B2/52/2023-FWLD (Computer No. 2391678)

)) നം.206/2023/ WLD

)) നം.206/2023/F&WLD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡിന് (KPPL) 2023-2024 സാമ്പത്തിക വർഷത്തിൽ വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ അനുവദിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.206/2023/F&WLD തീയതി,തിരുവനന്തപുരം, 27-05-2023

പരാമർശം:-

1. സ.ഉ (കൈ) നം.48/2022/FWLD തീയതി 24/9/2022.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ 30/3/2023-ലെ പ്രൊ(4)-419706/2023 നമ്പർ കത്ത്.
3. KPPL സ്പെഷ്യൽ ഓഫീസറുടെ 26/4/2023 ലെ K/PPL/SO/FDP/OS/2023 നംമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡിന് (KPPL)-ന് 24,000 MT വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ 500/- രൂപ നിരക്കിൽ പരാമർശം 1) ഉത്തരവ് പ്രകാരം അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. (KPPL)-ന് 50,000 MT വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ അനുവദിക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി ചേർന്ന ഉന്നതതല യോഗ തീരുമാനപ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) പരാമർശം 2) റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.ക്യാപ്റ്റീവ് പ്ലാൻറേഷനുകളിൽ നിന്നുള്ള അസംസ്കൃത വസ്തുക്കൾ KPPLന് സൗജന്യമായി നൽകാൻ കഴിയില്ല എന്നും 2020 ൽ കേരള വനം വകുപ്പ് മലയാറ്റൂർ , തൃശ്ശൂർ ഡിവിഷനുളിലുണ്ടായ കാട്ടുതീയിൽ മരണപ്പെട്ട വാച്ചർമാർക്കു നൽകുന്നതിനുള്ള നഷ്ടപരിഹാരമുൾപ്പെടെ അഗ്നിശമന സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഏകദേശം ഒരു കോടി രൂപ ചെലവഴിച്ചതായും ഗവൺമെൻറിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കാൻ KPPLൽനിന്നും ടി തുക തിരിച്ചു പിടിക്കണമെന്നും PCCF മേൽപ്പറഞ്ഞ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. KPPL വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചു തുടങ്ങിയിട്ട് ഒരു വർഷം പിന്നിട്ടിട്ടില്ലായെന്ന വസ്തുത കണക്കിലെടുത്ത്, പരാമർശിത ഉത്തരവ് പ്രകാരം അനുവദിച്ച Rs.500/MT എന്ന നിരക്കിൽ തൽക്കാലം

സാധാ) നം.206/2023/F&WLD

അനുവദിക്കാമെന്നും എന്നാൽ, വനംവകുപ്പും പൊതുമേഖലാ സ്ഥാപനമായ M/s KPPL-ഉം തമ്മിലുള്ള കരാർ ഘട്ടത്തിൽ, വനം വകുപ്പിനുണ്ടായിട്ടുള്ള ഉൽപ്പാദനച്ചെലവുൾപ്പെടെ കണക്കിലെടുത്തും സ്വാഭാവിക വന പുനഃസ്ഥാപന പ്രവർത്തനങ്ങളെയും മറ്റു സംരക്ഷണപ്രവർത്തനങ്ങളെയും ബാധിക്കുന്ന രീതിയിൽ വനം വകുപ്പിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം മൂലം പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന ചാക്രിക നിധിയിൽ കുറവു വരുന്നത് ഒഴിവാക്കുന്നതിനുള്ള നടപടികളും ഇത്തരത്തിൽ വിലയിൽ വലിയ ഇളവു നൽകുന്നതിലൂടെ വനം വകുപ്പിനുമാത്രം ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിനും വകുപ്പിന്റെ പ്രസ്തുത പ്രവർത്തനങ്ങൾക്കായും പ്രത്യേകം ഫണ്ട് അനുവദിക്കുന്നതുൾപ്പെടെയുള്ള മറ്റുകാര്യങ്ങളും ചർച്ച ചെയ്തു തീരുമാനിക്കുന്നതുവരെ, അല്ലെങ്കിൽ 2023-24 സാമ്പത്തിക വർഷം അവസാനം വരെ, ഏതാണോ ആദ്യം അതുവരെ 50,000 MT വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ ഒരു മെട്രിക് ടണ്ണിന് 500 രൂപ (അഞ്ഞൂറ് രൂപ മാത്രം) എന്ന നിരക്കിൽ, KPPL – ന് അനുവദിച്ചും, അതുപ്രകാരം അനുവദിച്ചു നൽകുന്ന അക്കേഷ്യ, യൂക്കാലിപ്റ്റ്സ് മുതലായ പൾപ്പ് വുഡ് ഇനത്തിലുള്ള മരങ്ങൾ പുതിയ ഇക്കോ റെസ്റ്റോറേഷൻ പോളിസി പ്രകാരം പുതിയതായി വെച്ചുപിടിപ്പിക്കേണ്ടതില്ലായെന്ന കാറ്റഗറിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ റീജനറേഷനും റീപ്ലാന്റേഷനും വേണ്ടി മരം മുറിക്കുന്നതിന് നൽകി വരാറുള്ള സമയ നിയന്ത്രണങ്ങൾ പ്രസ്തുത മരങ്ങൾക്ക് നൽകേണ്ടതില്ലാത്തതും, KPPL – ന്റെ പ്രവർത്തനത്തിന് ആവശ്യമായ അസംസ്കൃത വസ്തുവിന്റെ ദൗർലഭ്യം മുൻനിർത്തി പ്രസ്തുത മരങ്ങൾ റീജനറേഷന്റെയും റീപ്ലാന്റേഷന്റെയും സമയപരിധിയായ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കൂടി വനത്തിൽ നിന്നും മുറിച്ച് ലഭ്യമാക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
T T SURESH
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഫോറസ്റ്റ് മാനേജ്മെന്റ്), ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

സ്പെഷ്യൽ ഓഫീസർ, കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ്, കോട്ടയം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ/ ആഡിറ്റ്) കേരളം, തിരുവനന്തപുരം.

ധനകാര്യവകുപ്പ് (502886/Agri-A1/91/2017-Fin പ്രകാരം)

വ്യവസായ (ജി) വകുപ്പ്

വെബ് & ന്യൂ മീഡിയ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

72

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 12-07-2023

ഫയൽ നം. ബി2/52/2023/വനം. ഇനം നം: 1640

വിഷയം : വനം-വന്യജീവി വകുപ്പ് - കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് (KPPL)-ന് 2023-24 സാമ്പത്തിക വർഷത്തേക്ക് മെട്രിക് ടണ്ണിന് 500/- രൂപ (അഞ്ഞൂറ് രൂപ) നിരക്കിൽ അസംസ്കൃത വസ്തുക്കൾ അനുവദിച്ചു കൊണ്ട് 27.05.2023-ലെ G.O.(Rt) No.206/2023/F&WLD നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ച വനം-വന്യജീവി വകുപ്പിന്റെ നടപടി സാധൂകരിക്കുന്നത്.

തീരുമാനം : സാധൂകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

**GOVERNMENT OF KERALA**
**(Sri. Pinarayi Vijayan Ministry)**
**Note for the Council of Ministers**

| | | |
|---|---|---|
| 1 | File No. | B2/52/2023/F&WLD |
| 2 | Department | Forest & Wildlife(B)Department. |
| 3 | Subject | The ratification of action of Forest Department in having issued GO (Rt) 206/2023/FWLD dated 27/5/2023 for allotting forest raw materials to M/s. KPPL @ Rs.500/ MT(Rupees Five Hundred only) for the financial year 2023-24. |
| 4 | Date of Chief Minister's order for placing before the Council. | 23/05/2023 |
| 5 | (i)Does the case involve financial commitments/implications<br>(ii)if the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Note for the Council? | Yes<br>Yes<br>Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | No |
| 7 | Name of Joint Secretary who submitted the Draft Note | Shri. T. T. Suresh |
| 8 | Name of Additional Chief Secretary who approved the Draft Note. | Shri. K. R. Jyothilal |
| 9 | Date of approval of the Draft Note for the Council by the Additional Chief Secretary | 22/6/23 |
| 10 | Name of Chief Secretary who approved the Draft Note | Dr. V. P. Joy |
| 11 | Date of approval of the Draft Note for the Council by the Chief Secretary. | 23.06.2023 |
| 12 | Name of Minister who approved the Draft Note | Shri. A. K. Saseendran |
| 13 | Date of approval of the Draft Note for the Council by the Minister | 5/7/2023 |
| 14 | Date of submission of fair copies | 7/7/2023 |
| 15 | Date of decision by the Council of Ministers | |
| 16 | Number and date of the G.O/letter communicating the decision. | |

## Draft Note for the Council of Ministers

This file deals with the ratification of action of Forest Department in having issued GO (Rt) 206/2023/FWLD dated 27/5/2023 for allotting forest raw materials to M/s. KPPL, a Government of Kerala Company @ Rs.500/MT (Rupees Five Hundred only) for the financial year 2023-24.

2. A meeting was convened by the Hon'ble Minister for Industries on 20/3/2023, in the presence of Hon'ble Minister for Forest & Wild Life for discussing various issues related to M/s. KPPL and decided to submit a formal proposal to Government for the allotment of forest raw materials. Accordingly, the PCCF submitted a proposal in this regard to Government. In the proposal, the PCCF reported as follows:

1. The raw materials from captive plantations cannot be given free of cost to KPPL as after taking back the captive plantations from HNL Ltd in 2020, Kerala Forest Department has spent Rs. One Crore approximately for fire protection and maintenance works inclusive of compensation payment in lieu of death of Watchers in Malayattoor & Thrissur divisions. Hence, the money has to be recouped from M/s KPPL to avoid loss to Government.
2. Allotment to M/s KPPL from the lease cancelled & taken over plantations from M/s HNL will have to be done after realizing the expenditure incurred for protection and maintenance.
3. The same rate to be fixed for materials from other plantations may be fixed to KPPL after realizing all expenditure incurred as said above for protection and development to avoid loss to Government.

4. The selling price notified for forest produces for 2023-24 for Bamboo -Rs.2800/-, Reed - Rs 3700/- and Eucalyptus - Rs.7190/7500/9300/- has been fixed. Flag (R)

3. A Committee was constituted to fix the rate for raw materials to be given to M/s. KPPL in the year 2022-23 and the Committee decided to fix the rate of raw materials at Rs. 1000/- per Metric Tonne. The matter was placed before the Council of Ministers and as decided by the Council of Ministers, as per GO (Ms) No. 48/2022/F&WLD dated 24.09.2022 orders were issued for fixing the rate of raw materials to be given to KPPL as Rs. 500/- per Metric Tonne.

4. The Finance Department was consulted for considering the following views:

"Vide GO (Ms) No. 48/2022/F&WLD dated 24.9.2022, KPPL was allotted 24000 MT of pulpwood for the first year at a rate of Rs. 500/MT. Based on the Government Order, Forest Department issued orders for extraction of pulpwood, in November, 2022. aIt is seen that 51,000 MT of raw material is available for extraction in this financial year. Considering the fact that one year has not elapsed since KPPL started extraction, the rate approved by Council of Ministers for the first year (Rs. 500/MT) may be made applicable for 2023-24 also. There appears to be no necessity for the high power committee to be reconvened, as one year has not yet elapsed. Hence, whether KPPL may be given an allotment of 50,000 MT of pulpwood material at the approved rate of Rs. 500/MT?."

5. The Finance Department concurred with the aforementioned views, and when the file was circulated to the Hon'ble Chief Minister through the Hon'ble Minister for Forest & Wildlife and Hon'ble Minister for Industries for orders, it was ordered to allocate the forest

raw materials at Rs. 500/- to KPPL, with a directive to prioritize issuing orders based on the urgency of the matter and place the matter before the Council of Ministers for ratification. Accordingly, as per GO(Rt) 206/2023/F&WLD dated 27/5/2023 orders were issued, to allot forest raw materials to KPPL at Rs. 500/- per MT for the financial year 2023-24.

**Point for decision**

Whether the action of Forest & Wildlife Department in having issued GO (Rt) No. 206/2023/FWLD dated 27.05.2023 for the allotment of forest raw materials to KPPL at a rate of Rs. 500/- per MT in the financial year 2023-2024 may be ratified.?

21/6/2023

21-06-2023

22/6/2023

22/6/23

23/6/23

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | ബി2/52/2023/വനം |
| 2 | വകുപ്പ് | വനം വന്യജീവി (ബി) വകുപ്പ് |
| 3 | വിഷയം | കേരള പേപ്പർ പ്രോഡക്റ്റ്സ് ലിമിറ്റഡ് (KPPL)-ന് 2023-24 സാമ്പത്തിക വർഷത്തേക്ക് മെട്രിക് ടണ്ണിന് 500/- രൂപ (അഞ്ഞൂറ് രൂപ) നിരക്കിൽ അസംസ്കൃത വസ്തുക്കൾ അനുവദിച്ചുകൊണ്ട് 27/5/2023 ലെ G.O.(Rt)No.206/2023/F&WLD നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ച വനം വന്യജീവി വകുപ്പിന്റെ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 23.05.2023 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ , ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട്.<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്.<br>ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. റ്റി. റ്റി. സുരേഷ് |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. കെ. ആർ. ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 22/6/23 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി. പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 23.06.2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ. കെ. ശശീന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 5/7/2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 7/7/2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

<u>മന്ത്രിസഭായോഗത്തിനുള്ള  കരട് കുറിപ്പ്</u>

കേരള സർക്കാർ കമ്പനിയായ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് (KPPL) -ന് 2023-24 സാമ്പത്തിക വർഷത്തേക്ക് മെട്രിക് ടണ്ണിന് 500/- രൂപ (അഞ്ഞൂറ് രൂപ) നിരക്കിൽ അസംസ്കൃത വസ്തുക്കൾ അനുവദിച്ചുകൊണ്ട് 27/5/2023 ലെ G.O. (Rt)No.206/2023/F&WLD നമ്പർ ഉത്തരവ് പുറപ്പെടുവിച്ച വനം വന്യജീവി വകുപ്പിന്റെ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കെപിപിഎൽ-നെ സംബന്ധിച്ച വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു വനം വന്യജീവി വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ ബഹു വ്യവസായ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 20/03/2023 - ൽ ഒരു യോഗം ചേർന്നിരുന്നു. ഈ യോഗത്തിൽ കെപിപിഎൽ-ന് അസംസ്കൃത വസ്തുക്കൾ അനുവദിക്കുന്നത് സംബന്ധിച്ച് വിശദമായ ഒരു നിർദ്ദേശം സമർപ്പിക്കാൻ തീരുമാനിക്കുകയും അതനുസരിച്ച് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഫോറസ്റ്റ് (ഫോറസ്റ്റ് മാനേജ്മെൻറ്) വിശദമായ ഒരു നിർദ്ദേശം സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത നിർദ്ദേശത്തിലെ പ്രധാന വിഷയങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1. 2020-ൽ എച്ച്എൻഎൽ ലിമിറ്റഡിൽ നിന്ന് ക്യാപ്റ്റീവ് പ്ലാന്റേഷനുകൾ തിരിച്ചെടുത്തതിന് ശേഷം ആയതിന്റെ സംരക്ഷണത്തിനും നടത്തിപ്പിനും , മലയാറ്റൂർ -തൃശ്ശൂർ ഡിവിഷനുകളിലെ വാച്ചർമാർ മരണപ്പെട്ടതിനെ തുടർന്ന് നഷ്ടപരിഹാരം നൽകുന്നതിനും വനം വകുപ്പ് ഏകദേശം ഒരു കോടി രൂപ ചെലവഴിച്ചിട്ടുള്ള സാഹചര്യത്തിൽ , ക്യാപ്റ്റീവ് പ്ലാന്റേഷനുകളിൽ നിന്നുള്ള അസംസ്കൃത വസ്തുക്കൾ കെപിപിഎല്ലിന് സൗജന്യമായി നൽകാൻ കഴിയില്ല. ആയതിനാൽ, സർക്കാരിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കുന്നതിനായി ടി തുക കെപിപിഎല്ലിൽ നിന്നും ഈടാക്കേണ്ടതുണ്ട്.

2. പാട്ടം റദ്ദ് ചെയ്തതും എച്ച്എൻഎൽ -ൽ നിന്ന് ഏറ്റെടുത്തതുമായ തോട്ടങ്ങൾ കെപിപിഎല്ലിന് അനുവദിക്കുമ്പോൾ ആയതിന്റെ സംരക്ഷണത്തിനും നടത്തിപ്പിനും ഉണ്ടായ ചെലവ് ഈടാക്കി മാത്രമേ നല്കേണ്ടതുള്ളൂ.

3. സർക്കാരിന് ഉണ്ടായേക്കാവുന്ന നഷ്ടം ഒഴിവാക്കുന്നതിനായി പ്ലാന്റേഷൻസിന്റെ സംരക്ഷണത്തിനും വികസനത്തിനും വേണ്ടിയിട്ടുള്ള ചെലവ് ഈടാക്കിക്കൊണ്ട് മറ്റു പ്ലാന്റേഷനുകളിൽ നിന്നുള്ള അസംസ്കൃതവസ്തുക്കൾക്ക് ഈടാക്കുന്ന അതേ വില തന്നെ ഈടാക്കിക്കൊണ്ട് കെപിപിഎല്ലിന് അസംസ്കൃതവസ്തുക്കൾ നൽകാവുന്നതാണ്.

4. 2023-24 വർഷത്തേക്ക് വിജ്ഞാപനം ചെയ്ത വന അസംസ്കൃത വസ്തുക്കളുടെ വില നിലവാരത്തിൽ മെട്രിക് ടണ്ണിന് മുളയ്ക്ക് (Bamboo) 2800/- രൂപയും ഈറ്റയ്ക്ക് (Reeds) 3700/- രൂപയും യൂക്കാലിപ്റ്റസിന് 7190/7500/9300/- രൂപയും ആണ് നിശ്ചയിച്ചിട്ടുള്ളത്.

3. 2022-23 സാമ്പത്തിക വർഷത്തിൽ, കെപിപിഎൽ-ന് ആദ്യമായി വന അസംസ്കൃത വസ്തുക്കൾ അനുവദിക്കുന്ന സമയത്ത് , അസംസ്കൃത വസ്തുക്കൾക്ക് നിശ്ചയിക്കേണ്ട വില നിരക്ക് ശിപാർശ ചെയ്യുന്നതിനായി ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി 1000/- രൂപ (ആയിരം രൂപ) നിരക്കിൽ അസംസ്കൃത വസ്തുക്കൾ അനുവദിക്കാമെന്ന് ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ മന്ത്രിസഭായോഗം തീരുമാനിച്ച പ്രകാരം , 24.09.2022 - ലെ സ.ഉ. (കൈ) നം. 48/2022/വനം ഉത്തരവു പ്രകാരം കെപിപിഎൽ - ന് അനുവദിക്കുന്ന അസംസ്കൃത വസ്തുക്കളുടെ വില മെട്രിക് ടണ്ണിന് 500/- രൂപ (അഞ്ഞൂറ് രൂപ) എന്ന നിരക്ക് നിശ്ചയിക്കുകയാണുണ്ടായത്.

4. ഈ വകുപ്പിന്റെ താഴെപ്പറയുന്ന കാഴ്ചപ്പാടുകളിൽ അഭിപ്രായം അറിയിക്കുന്നതിനായി ഫയൽ ധനകാര്യ വകുപ്പിലേയ്ക്കയച്ചിരുന്നു.

"KPPL-ന് ആദ്യ വർഷത്തിൽ 24,000 MT പൾപ്പ് വുഡ് 24/9/2022-ലെ GO(MS) 48/2022/F&WLD പ്രകാരം സർക്കാർ അനുവദിച്ചിരുന്നു. സർക്കാർ ഉത്തരവനുസരിച്ച് കേരള വനം വകുപ്പ് നവംബർ 2022-ന് അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിനുള്ള അനുമതിയും നൽകിയിരുന്നു. ഈ സാമ്പത്തിക വർഷം 51000 MT അസംസ്കൃത വസ്തുക്കൾ നിലവിലുണ്ട് . കെപിപിഎൽ അസംസ്കൃത വസ്തുക്കൾ ശേഖരിയ്ക്കാൻ തുടങ്ങിയിട്ട് ഒരു വർഷം തികഞ്ഞിട്ടില്ല എന്നുള്ളതിന്റെ വെളിച്ചത്തിൽ കഴിഞ്ഞ

FLag(R)

Pg 23-24 CF

Pg 10-11 NF Note # 24

സാമ്പത്തിക വർഷത്തിൽ മന്ത്രിസഭ അംഗീകരിച്ച മെട്രിക് ടണ്ണിന് 500/- രൂപ എന്ന നിരക്ക് 2023-24 സാമ്പത്തിക വർഷത്തിലും പ്രാവർത്തികമാക്കാവുന്നതാണ്. ആയതിനാൽ ഉന്നതതലകമ്മിറ്റി വീണ്ടും ചേരേണ്ടതില്ല. അതിനാൽ, KPPL- ന് 50,000 മെട്രിക് ടൺ പൾപ്പ് വുഡ് മെട്രിക് ടണ്ണിന് 500/- രൂപ നിരക്കിൽ അനുവദിക്കാമോ?"

5. മേൽ നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പ് അംഗീകരിക്കുകയും ഫയൽ ബഹു വനം വന്യജീവി വകുപ്പ് മന്ത്രിയും ബഹു വ്യവസായ വകുപ്പ് മന്ത്രിയും മുഖേന ബഹു മുഖ്യമന്ത്രിക്ക് ഉത്തരവിനായി സമർപ്പിച്ചപ്പോൾ, വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത്, കെ പി പി എൽ- ന് മെട്രിക് ടണ്ണിന് 500/- രൂപ (അഞ്ഞൂറ് രൂപ) നിരക്കിൽ നടപ്പ് സാമ്പത്തിക വർഷം അസംസ്കൃത വസ്തുക്കൾ അനുവദിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ച ശേഷം പ്രസ്തുത ഉത്തരവ് സാധൂകരിക്കുന്നതിനായി മന്ത്രിസഭാ യോഗത്തിന് മുമ്പാകെ സമർപ്പിക്കാൻ ഉത്തരവായിരുന്നു. ഇതനുസരിച്ച്, 2023-24 സാമ്പത്തിക വർഷത്തിലും കെപിപിഎല്ലിന് മെട്രിക് ടണ്ണിന് 500/- രൂപ (അഞ്ഞൂറ് രൂപ) നിരക്കിൽ വന അസംസ്കൃത വസ്തുക്കൾ അനുവദിച്ചുകൊണ്ട് 27/5/2023 ലെ സ.ഉ. (സാധാ) നം. 206/2023/വനം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

## തീരുമാനിക്കേണ്ട വിഷയം

27/05/2023 - ലെ സ.ഉ. (സാധാ) നം. 206/2023/വനം പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ കെപിപിഎല്ലിന് മെട്രിക് ടണ്ണിന് 500/- രൂപ (അഞ്ഞൂറ് രൂപ) നിരക്കിൽ വന അസംസ്കൃത വസ്തുക്കൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ച വനം വന്യജീവി വകുപ്പിന്റെ നടപടി സാധൂകരിക്കാമോ?